Kerala Catholic Bishop's Council (KCBC)
*Secretariat, Pastoral Orientation Centre, P.B. No. 2251, Palarivattom, Kochi-682 025, Kerala, India*
*Tel: +91-484-2805722, 2805815, Fax: +91-484-280614*
*E-mail: deputysecretarykcbc@gmail.com, www.kcbcsite.com*

All Kerala Press Release 30.11.2017
*Ref: 599KCBC/K-6/KPR/DS*

## ബാലഭവനങ്ങൾ അടച്ചുപൂട്ടാനുള്ള നീക്കത്തിൽനിന്നും സർക്കാർ പിന്മാറണം: കെസിബിസി

കൊച്ചി: സംസ്ഥാനത്തെ 1200-ഓളം വരുന്ന ബാലമന്ദിരങ്ങൾ അടച്ചുപൂട്ടാനുള്ള സർക്കാർ നീക്കം ആയിരക്കണക്കിനു കുട്ടികളുടെ ഭാവി അനിശ്ചിതത്വത്തിലേക്കും അരക്ഷിതത്വത്തിലേക്കും തള്ളി വിടും. ഇന്ത്യയുടെ സാമൂഹികസാഹചര്യങ്ങൾ കണക്കിലെടുക്കാതെ പടിഞ്ഞാറിന്റെ പരിഷ്കാരങ്ങൾ നടപ്പിലാക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കമാണ് ലക്ഷക്കണക്കിനു കുട്ടികളെ തെരുവിലേക്കെത്തിക്കുന്ന പുതിയ പ്രതിസന്ധിക്കു കാരണം. പരിണതഫലം മറന്നുള്ള ക്രൂരതയ്ക്ക് സംസ്ഥാനസർക്കാരും കൂട്ടുനില്ക്കുകയാണ്. ഇന്ത്യയിൽ ഭൂരിഭാഗം ജനങ്ങൾക്കും സ്വപ്നംകാണാൻപോലും കഴിയാത്ത ഭൗതിക സാഹചര്യങ്ങളും പണക്കാരുടെ കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങളിൽപോലുമില്ലാത്ത പഠനസൗകര്യങ്ങളും ബാലഭവനങ്ങളിൽ നിർബന്ധമാക്കിക്കൊണ്ട് കേന്ദ്രസർക്കാർ പാസാക്കിയ നിയമത്തിനുപിന്നിൽ, സോദ്ദേശ്യപരമല്ലാത്ത ലക്ഷ്യങ്ങളുള്ളതായി വിമർശനമുണ്ട്. സംസ്ഥാനത്ത് 1200-ലധികം വരുന്ന ബാലഭവനങ്ങളിൽ ആയിരത്തോളവും ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്നവയാണ്. ഈ സ്ഥാപനങ്ങളിൽ ഭൂരിപക്ഷവും അടച്ചുപൂട്ടൽ ഭീഷണിയിലാണ്. പകരം സംവിധാനമൊരുക്കാതെയും കുട്ടികളുടെ ഭാവി കണക്കിലെടുക്കാതെയും 40,000-ലധികം വരുന്ന കുട്ടികളെ തെരുവിലേക്കു തള്ളിവിടുന്ന മനുഷ്യത്വരഹിതമായ നടപടിയിൽനിന്നും സർക്കാർ പിന്മാറണം. അശരണരെ സംരക്ഷിക്കുന്ന സമുദായ സംഘടനകളുടെയും സാമൂഹ്യ സേവന സംഘടനകളുടെയും സാമൂഹ്യ ഉത്തരവാദിത്വത്തിൽനിന്ന് അവരെ തടയുന്ന നിയമനടപടികളുമായി സർക്കാർ മുന്നോട്ടുപോകരുത്. ബാലഭവനങ്ങൾ കുറ്റവാളികളെ പാർപ്പിക്കാനുള്ള ഇടമാണെന്ന ധാരണ ശരിയല്ല. സംസ്ഥാനത്തെ ബാലഭവനങ്ങളിൽ താമസിച്ചു പഠനം നടത്തുന്ന കുട്ടികളിൽ ഭൂരിപക്ഷവും ദരിദ്രകുടുംബത്തിൽനിന്നുള്ളവരും സ്വന്തം കുടുംബത്തിൽ പഠനസൗകര്യങ്ങളും അനുകൂല സാഹചര്യങ്ങളും ലഭിക്കാത്തവരുമാണ്. അവർ കുറ്റവാളികളല്ല. കേരളത്തിന്റെ സാഹചര്യങ്ങൾക്കു നിരക്കുന്നവിധം നിയമം നടപ്പാക്കാനാണ് സർക്കാർ ശ്രമിക്കേണ്ടത്. നിയമത്തിന്റെ പേരിൽ സർക്കാർ കുരുന്നുകളോട് ക്രൂരത കാട്ടരുത്.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ
ഔദ്യോഗിക വക്താവ്, കെ.സി.ബി.സി.
ഡയറക്ടർ, പി.ഒ.സി.

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com